Malayalam English Kannada Telugu Tamil Bangla Hindi Marathi

NEWS
ENTERTAINMENT
SPORTS MAGAZINE
LIFE PRAVASAM
AUTO MONEY
TECHNOLOGY
FACT CHECK
GALLERY VIDEO
STUDY ABROAD
GAMES KEA 2025

LIVE

LIVE TV

Malayalam News Magazine Web Specials

# കേരളത്തിലും 'മൈക്രോ ഫോറസ്റ്റ്' ഉണ്ടാക്കൂ, പ്രകൃതിദുരന്തങ്ങളെ ചെറുക്കാം; മിയാവാക്കി കേരളത്തോട് പറയുന്നു...

പരമാവധി ജനങ്ങളിലേക്ക് ഈ വിവരമെത്തിക്കാനും അവർക്ക് പരിശീലനം നൽകാനും ഞങ്ങൾ തയ്യാറാണ്. അതൊരു വലിയ മുന്നേറ്റമായി മാറും എന്നാണ് കരുതുന്നത്.



Web Team
*Thiruvananthapuram,Updated: Aug 20, 2019, 5:17 PM IST*

Follow

തിരുവനന്തപുരം: പ്രകൃതിദുരന്തങ്ങൾ ഇനി കേരളത്തിന് അയൽപ്പക്കങ്ങളിലെ കഥയല്ല, പൊള്ളുന്ന അനുഭവങ്ങളായി അത് നമ്മുടെ മുന്നിലുണ്ട്. കഴിഞ്ഞ വർഷത്തെ പ്രളയം, ഈ വർഷത്തെ കനത്ത മഴയും ഉരുൾപൊട്ടലും... ഇതെല്ലാം അനുഭവിച്ചും അതിജീവിച്ചും കടന്നുപോവാൻ നോക്കുകയാണ് കേരള ജനത. ഒപ്പംതന്നെ എന്തുകൊണ്ടാണീ ദുരന്തങ്ങളുണ്ടാകുന്നത്, അതില്ലാതെയാക്കാൻ എന്താണിനി ചെയ്യേണ്ടത് എന്നെല്ലാമുള്ള ചിന്തകളും ചർച്ചകളും കൂടിയുണ്ടാകുന്നുണ്ട്.

പ്രളയവും ഉരുൾപൊട്ടലും പ്രതിരോധിക്കുന്നതിനായി കേരളത്തിലും മൈക്രോ ഫോറസ്റ്റുണ്ടാക്കണമെന്ന് പറയുകയാണ് ജാപ്പനീസ് പ്രകൃതി ശാസ്ത്രജ്ഞൻ **അകിരാ മിയാവാകി**. അദ്ദേഹമാണ് ഈ മിനിയേച്ചർ ഫോറസ്റ്റ് എന്ന ആശയത്തിന്റെ പ്രവക്താവ്. അതിനാൽത്തന്നെ അത് അറിയപ്പെടുന്നത് മിയാവാക്കി പ്രൊജക്ട് എന്നാണ്. ലോകത്താകെ ശ്രദ്ധ നേടിയ ആശയമായിരുന്നു മിനിയേച്ചർ ഫോറസ്റ്റ് എന്നത്. പരിസ്ഥിതി പ്രവർത്തകരും സർക്കാരുകളും മിയാവാക്കിയുടെ ആശയത്തെ പിന്തുടർന്ന് ഭൂമിയിലാകെയായി 4000 ഏക്കറിലധികം ഇത്തരം വനമേഖല ഉണ്ടാക്കിയിട്ടുണ്ട്.

**എന്താണ് മിയാവാക്കി പ്രൊജക്ട്:** കുറഞ്ഞ സമയം കൊണ്ട് കുറച്ച് സ്ഥലത്ത് കൂടുതൽ മരങ്ങൾ നട്ടുവളർത്തി സ്വാഭാവികമായ വനത്തിനു സമാനമായ കാടുണ്ടാക്കിയെടുക്കുന്ന രീതിയാണ് മിയാവാക്കി കാടുവളർത്തൽ രീതി. മിയാവാക്കി പ്രൊജക്ടിന്റെ അടിസ്ഥാനം നമ്മുടെ കാവുകളുടെ രീതി തന്നെയാണ്. അടിക്കടി പ്രകൃതിദുരന്തങ്ങളുണ്ടാകുന്ന ഇടം

കൂടിയാണ് ജപ്പാൻ. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായി കാവുകളിലും മറ്റും വളരുന്ന മരങ്ങൾ അവിടെത്തന്നെ നിലനിൽക്കുന്നു. അടിവേര് എത്രത്തോളം ഇറങ്ങിയിരിക്കുന്നോ അവിടെ പ്രകൃതിദുരന്തങ്ങളെ ചെറുക്കാനുള്ള കഴിവും കൂടുതലായിരിക്കുമെന്ന് ഇതിലൂടെ ബോധ്യപ്പെടുന്നു. അങ്ങനെയുള്ള സ്വാഭാവികമായ വനങ്ങളുണ്ടാക്കിയെടുക്കുകയാണ് മിയാവാക്കി പ്രൊജക്ടിന്റെ ഭാഗമായി ചെയ്യുന്നത്.

അകിരാ മിയാവാകി കേരളത്തിലെ സർക്കാരിനോടും ജനങ്ങളോടും പറയുന്നതും ഇങ്ങനെ പരമാവധി മരങ്ങൾ നടാനാണ്. 'പരമാവധി ജനങ്ങളെ ഉപയോഗിച്ചുകൊണ്ട് പരമാവധി മരങ്ങൾ നടൂ' എന്നാണ് അദ്ദേഹം കേരളത്തോടും പറയുന്നത്. അതുപോലെ തന്നെ മൈക്രോ- ഫോറസ്റ്റുകൾ നിർമ്മിക്കാനായി ജനങ്ങൾക്ക് പ്രത്യേക പരിശീലനം നൽകണമെന്നും മിയാവാകി പറയുന്നു. 92 -ാമത്തെ വയസ്സിൽ ഗുരുതരമായ ഒരു രോഗത്തിൽനിന്നും മുക്തിനേടി വരികയാണ് മിയാവാകി. മിയാവാകിയുടെ സന്ദേശം അറിയിച്ചിരിക്കുന്നത് തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇൻവിസ് മൾട്ടിമീഡിയ എം ഡി, എം ആർ ഹരിയാണ്.  മിയാവാക്കി പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പരിശീലനം നൽകാൻ തയ്യാറാണെന്നും ഹരി പറയുന്നു. നിലവിൽ കേരളത്തിൽ 15 മിയാവാക്കി പ്രൊജക്ടുകൾ ഇവർ നടപ്പിലാക്കിയിട്ടുണ്ട്.



*എം ആർ ഹരി, അകിരാ മിയാവാക്കി*

Nature's Green Guardian Foundation, Culture Shoppe -എന്നിവയുമായി ചേർന്ന് കൊണ്ടായിരിക്കും പരിശീലനം നൽകുന്നത്. സർക്കാരിന്റെ കീഴിലുള്ള സ്ഥലങ്ങളിലും സ്വകാര്യവ്യക്തികളുടെ കൈവശമുള്ള സ്ഥലങ്ങളിലും ഇത്തരത്തിൽ ഫോറസ്റ്റുകളുണ്ടാക്കുന്നത് പ്രകൃതിദുരന്തങ്ങളെ ചെറുക്കാൻ സഹായകമാകും എന്ന് എം ആർ ഹരി ഏഷ്യാനെറ്റ് ന്യൂസ് ഓൺലൈനിനോട് പറഞ്ഞു.

*പരമാവധി ജനങ്ങളിലേക്ക് ഈ വിവരമെത്തിക്കാനും അവർക്ക് പരിശീലനം നൽകാനും ഞങ്ങൾ തയ്യാറാണ്. അതൊരു വലിയ മുന്നേറ്റമായി മാറും എന്നാണ് കരുതുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ തന്നെ തൈകൾ ശേഖരിക്കാനും നട്ടുപിടിപ്പിക്കാനും എല്ലാം മുന്നോട്ട് വരികയാണെങ്കിൽ ചെലവും കുറയും. താൽപര്യമുള്ള ആളുകളെ സംഘടിപ്പിച്ച് നവംബർ മുതൽ രണ്ടുദിവസത്തെ പരിശീലനം നൽകുന്നതിനെ കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്. പത്തോ ഇരുപത്തഞ്ചോ പേർക്ക് പുളിയറക്കോണത്ത് ഇപ്പോൾ മൂന്നോ നാലോ മിയാവാക്കി പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്, അതടക്കം കാണിച്ചുകൊടുത്തുകൊണ്ട് പരിശീലനം നൽകാനാണ് കരുതുന്നത്.*

*മിനിയേച്ചർ ഫോറസ്റ്റ് എന്നത് കേരളത്തിൽ വലിയ പണച്ചെലവുള്ള കാര്യമാണ്. പലയിടത്തും ഏക്കറ് കണക്കിനാണ് ഇത് നടപ്പിലാക്കുന്നത്. ഇവിടുത്തെ സാമൂഹ്യ-സാമ്പത്തിക നിലയനുസരിച്ച് ഒന്നോ രണ്ടോ സെന്റുകളിൽ മരം നടുക എന്നതാണ് പ്രായോഗികം. പരമാവധി വീടുകളിലേക്കും സ്കൂൾ പോലെയുള്ള ഇൻസ്റ്റിറ്റിയൂട്ടുകളിലേക്കും ഇത് വ്യാപിപ്പിക്കുക എന്നതാണ് കേരളത്തിൽ ചെയ്യാനാവുക. കൂടുതൽ സ്ഥലമുള്ളവർ കൂടുതൽ സ്ഥലത്ത് മിയാവാക്കി പ്രൊജക്ട് നടപ്പിലാക്കുക എന്നതാണ് ഇവിടെ ചെയ്യാനാവുക.*

*15 മിയാവാക്കി പ്രൊജക്ടുകൾ നിലവിൽ കേരളത്തിൽ ചെയ്തിട്ടുണ്ട്. അതിലേറ്റവും കൂടുതൽ തിരുവനന്തപുരത്താണ്. കൂടാതെ, തൃശൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലെല്ലാം മിയാവാക്കി മോഡൽ പ്രൊജക്ട് ചെയ്ത് വരുന്നു. ഇത് ബിസിനസായി ചെയ്യുന്നതല്ല. കേരളത്തിലെ നിലവിലെ സാഹചര്യത്തിലെന്ത് ചെയ്യാനാകുമെന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനം മാത്രമാണ്.*

akira miyawaki mini forest miniature forest urban forest

## Latest Videos